63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 307

വിഷയം : കഥ അവശേഷിപ്പിച്ചു പോയ ഒരാൾ

## ദൈവത്തിന്റെ നൗകകൾ

ആ കരാളരാത്രി അത് ഒരു പെരുമ്പാമ്പിനെ പോലെ ഒട്ടും ശബ്ദമില്ലാതെ ഇരുട്ടത്തിലൂടെ കടന്നു വന്നു, മുൻപിൽ കണ്ടവരെയെല്ലാം അത് ഇരുളിലേക്ക് വലിച്ചിഴച്ചു, വിഴുങ്ങി. ആ രാത്രിയുടെ തുടക്കം ശാന്തസുന്ദരം ആയിരുന്നു, എന്നത്തെയും പോലെ നിശബ്ദം, പെട്ടന്ന് വരുന്ന, പെട്ടന്ന് ആ നിശബ്ദതയെ കീറിമുറിച്ചുകൊണ്ട് മഴ ഒരു ഭ്രാന്തിയെ പോലെ ആർത്തലച്ചു. അവളുടെ സൗന്ദര്യം കണ്ടിട്ടെന്നോണം മണ്ണിന്റെ ഹൃദയം അലിഞ്ഞു. ഭൂമിയുടെ ഹൃദയം ഇളക്കിയ ആ വർഷം പലരുടെയും ഹൃദയം എടുത്തു. അതിൽപ്പെട്ട ഒരു മനുഷ്യനും ഒന്നെങ്കിലും നഷ്ടപ്പെടാതെ ഇരുന്നില്ല. ആ ആയിരക്കണക്കിന് മനുഷ്യരിൽ ഒരുവനായിരുന്നു, ദേവ ജോൺ. അയാൾ ഇപ്പോൾ ആ ദുരന്തത്താഴ്വരയിൽ നിന്ന് ഒഴുകുന്ന ചെളിയും, മണ്ണും, പാറയും നിറഞ്ഞ ഒഴുക്ക്. അതിൽപ്പെട്ട മനുഷ്യർ. അയാൾക്ക് ഒന്നും കാണുവാൻ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

വല്ല ചുറ്റും ഇരുട്ട്, എന്തോ ഒന്ന് നഷ്ടപ്പെടുംപോലെ. ഒരു പാമ്പ് എന്റെ ശരീരത്തിലൂടെ ഇഴയുന്നു, ചുറ്റുന്ന വേദന, അലറുവാൻ നാവ് പൊന്തുന്നില്ല, അത് എന്തിന്റെയോ മായാവലയത്താൽ ബന്ധിച്ചിരിക്കുന്നു. അയാൾ ഒരു വട്ടം കൂടി ശ്രമിച്ചു. ഇല്ല കഴിയുന്നില്ല. കണ്ണുകളിൽ ഇരുട്ട് ഇഴഞ്ഞ് കയറി. കണ്ണിലും ഇരുട്ട് കാതുകളിലും, നാവിലും.. ഇതാ വെളിച്ചം! ഞാൻ ഇപ്പോൾ എവിടെയാണ്? എന്റെ വീട്! വിശ്വസിക്കാനാകുന്നില്ല. ഞാൻ രക്ഷപ്പെട്ടു. പെട്ടെന്ന് ഒരാക്രോശം, ഒരു തേങ്ങൽ അത് അയാളുടെ ഹൃദയത്തിൽ തുളച്ചുകയറി. അടുത്ത മുറിയിൽ നിന്നും ആണ്. 'നിങ്ങൾ എന്താണീ കാണിച്ചത്? ഞാൻ അന്നേ പറഞ്ഞു ഇതിനെ എവിടെയെങ്കിലും കളയാൻ.' ഭാര്യയുടെ ആക്രോശം. മോളെ ഞാൻ കണ്ടില്ല... ഒരു വൃദ്ധ അവരുടെ തിമിരം ബാധിച്ച കണ്ണുകളിൽ ദയനീയത നിറച്ചു പറഞ്ഞു. അവർ നന്നേ മെലിഞ്ഞിരുന്നു, വയർ ഒട്ടിയിരുന്നു. അതേ എന്റെ അമ്മ! അവർ തന്റെ ചുള്ളിക്കമ്പുകൾ പോലെയുള്ള കരങ്ങൾ കൂപ്പി ക്ഷമാപണം നടത്തി. 10 വർഷം അതെ പത്ത് വർഷം മുൻപ് ഞാൻ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 307

എവിടെയോ ഉപേക്ഷിച്ച തന്റെ മാതാവ്... അയാൾക്ക് കുറ്റബോധം അയാളെ വാരി പുണർന്നു. വലിച്ചു മുറുക്കി ശ്വാസം മുട്ടിച്ചു. ഒരു പനിനീർ പോലെ. വൃദ്ധയുടെ മുഖത്തെ ദയനീയതയുടെ നിഴൽ അയാളുടെ മുഖത്തിലും പടർന്നു. ലോകത്തിന്റെ മുകളിലേയ്ക്ക്, എത്തുവാൻ, ഉയരുവാൻ, അയാൾ ~~ആ~~ തനിക്ക് ഭാരമാകുന്നതെല്ലാം ഉപേക്ഷിച്ചിരുന്നു, മറന്നിരുന്നു. കാരണം അയാൾക്ക് പറക്കണമായിരുന്നു. ഒരു പരുന്തിനെപ്പോലെ, കഴുകനെ പോലെ എത്ര കിട്ടിയാലും മതിയാവാത്ത, കൊതിതീരാത്ത ആർത്തിയോടെ അയാൾ അതിന് വേണ്ടി വട്ടമിട്ടു പറന്നു. പ്രശസ്തിയുടെ ഉന്നതകോടിയിലെത്തിച്ചേരാൻ അയാൾ പരിശ്രമിച്ചു, പണം സമ്പാദിച്ചു. അറിയപ്പെടുന്ന ഒരു ശാസ്ത്രജ്ഞനായി... എന്നിട്ടും എല്ലാം, എല്ലാം നഷ്-ടപ്പെട്ടു. എല്ലാം തകർക്കുന്ന വിധിയുടെ ഇരുമ്പ് വിരലു-കളിൽ നിന്നും രക്ഷപ്പെടുവാൻ ആർക്കും കഴിയുകയില്ല.

കണ്ണുകൾ തുറന്നപ്പോൾ അയാൾ ആശുപത്രി കിടക്കയിലായിരുന്നു. തനിക്ക് ജീവനുണ്ടെന്ന ആശ്വാസം അയാളുടെ മുഖത്തില്ല. കാരണം തനിക്ക്

ജീവിക്കുവാൻ അവകാശമില്ല, ഞാൻ ഒരു മനുഷ്യനാണോ? ആ ചിന്ത അയാളെ വലഞ്ഞു. എഴുന്നേൽക്കുവാനൊരു ശ്രമം നടത്തി. എന്തിന്? വെറുതെ... ചലിക്കെ അതിനിടയിൽ അയാൾക്ക് എന്തോ നഷ്ടപ്പെട്ടതായി തോന്നി. അയാൾ തന്റെ കാലുകൾ നോക്കി. ഇല്ല, അവിടെ ശൂന്യം! തന്റെ കാലുകൾ, അവ രണ്ടും നഷ്ടപ്പെട്ടിരിക്കുന്നു. അയാൾ കരഞ്ഞു, എന്നാൽ കണ്ണുനീർ തൂകുവാൻ ഗ്രന്ഥികൾ മടികാണിച്ചു. കണ്ണുകൾ അടച്ചു. ഒരു ദുഃസ്വപ്നം ആകാൻ പ്രാർത്ഥിച്ചു. ഇല്ല... ഇത് സത്യമാണ്. നിഷേധിക്കുവാൻ കഴിയാത്ത നഗ്നസത്യം. പിന്നീട് സ്വന്തം മനസ്സിനെ പാകപ്പെടുത്തി. തനിക്ക് എല്ലാം നഷ്ടപ്പെട്ടിരിക്കുന്നുവെന്നയാൾ മനസ്സിലാക്കി. ഭാര്യയും, കുടുംബവും, സമ്പത്തും, എല്ലാം പ്രകൃതി വൃത്തിയായി തുടച്ചുനീക്കി. തന്റെ ഹൃദയത്തിൽ മുറിപ്പാടുകൾ അവശേഷിപ്പിച്ചു.

തനിക്ക് വന്ന്കൂടിയ ആ ദുരന്തത്തിനെ മറക്കുവാൻ അയാൾ പുസ്തകങ്ങൾ വായിച്ചു. എം.ടി മുതൽ ലിയോ ടോൾസ്റ്റോയ് വരെ കിട്ടി-

അതെല്ലാം വായിച്ചു. പുസ്തകങ്ങളുടെ മായികവലയം അയാളെ മറ്റൊരു ലോകത്തേക്ക് എത്തിച്ചു. തന്റെ മുറിവുകൾ അയാൾ മറന്നു, ചിരിച്ചു, അറിയാതെ. പിന്നീട് അയാൾ സ്വയം വീണ്ടും കെട്ടിയുറപ്പിച്ചു. 'ദൈവത്തിന്റെ രണ്ട് തൂണുകൾ അയാളെ താങ്ങി.' ഒരു നിമിഷം താൻ ജീവിതത്തിൽ പുതിയ എന്തോ ഒന്ന് നേടി എന്ന് ചിന്ത അയാളുടെ ആത്മാവിനെ ഉയർത്തി. അതു ഉണർത്തി. അയാൾ ഒരു വായനാപ്രിയൻ ആയിരുന്നു. ആ ഉണർവ് അയാൾ കടലാസിലേക്ക് പകർത്തി തന്റെ ഹൃദയത്തിന്റെ ആ 'മുറിവുകളിൽ' നിന്നു ഒഴുകിയ ചോരയാൽ അയാൾ ഓരോ അക്ഷരവും കുറിച്ചു. ചിലയിടങ്ങൾ കുറ്റബോധത്താൽ നീറി, പുകഞ്ഞു. അങ്ങനെ അയാൾക്ക് കഥയുണ്ടായി കഥകൾ ഉണ്ടായി.

വർഷങ്ങൾക്ക് ശേഷം അയാൾ തന്റെ ടെലസ്കോപ്പിന് മുൻപിലിരുന്ന് 'ദൈവത്തിന്റെ തൂണുകൾ' എന്ന നെബുല കണ്ടുകൊണ്ടിരുന്നപ്പോൾ ചിരിച്ചു. 'ആ പ്രപഞ്ചവും ആ മനുഷ്യനും

തമ്മിൽ എന്തോ ഒരു എന്തോ ഒരു പാലവുമായി
ബന്ധിപ്പിച്ചിരിക്കുന്നു. അത് എന്താണ്, മനുഷ്യനെ
ഈ അനന്തമായ പ്രപഞ്ചത്തോടും, ചുറ്റുമുള്ള
എന്തിനോടും ബന്ധിപ്പിക്കുന്ന ഒന്ന് എന്താണ് അത്?
വർഷങ്ങൾക്ക് മുൻപ് അയാളെ അലട്ടിയ ആ ചോദ്യ
ത്തിനുള്ള ഉത്തരം തേടിയാൽ അയാൾ ഹൃദയത്തോട്
മന്ത്രിച്ചു. സർഗ്ഗാത്മകത എന്നിലും സൗന്ദര്യം കണ്ടെ-
ത്തുവാൻ ഉള്ള മനുഷ്യന്റെ കഴിവ്. എല്ലാത്തിനെയും
ബന്ധിപ്പിക്കുന്ന പാലം. സാക്ഷാൽ ആൽബർട്ട് ഐൻ-
സ്റ്റീൻ തന്റെ അവസാന കാലത്ത് പൂർത്തിയാക്കാൻ
കിടന്നത് പരിശ്രമിച്ച പ്രോജക്റ്റ് 'മനുഷ്യന്റെ
സർഗ്ഗാത്മകതയെയും, സൗന്ദര്യത്തിന്റെ തിയറി ഓഫ് റി-
ലേറ്റിവിറ്റിയെയും' ബന്ധിപ്പിക്കുവാൻ ഉള്ള ശ്രമം.
അത് മനുഷ്യന്റെ സകല അറിവുകളെയും ഭേദിക്കു
മെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അത് തന്നെ
ഒടുവിൽ ആ സർഗ്ഗാത്മകത തന്നെയും തേടി വന്നു.
ഇരുൾ നിറഞ്ഞ രാത്രിയിൽ, നഷ്ടങ്ങൾക്കും,
വേദനകൾക്കും നടുവിൽ, ആദ്യം തന്നെ തോന്നിച്ച

പിന്നെ വാരിപ്പുണർന്ന് ആശ്വസിപ്പിച്ചു. എന്റെ മുറി-
വുകളെ ഉണക്കിയതവരാണ്, വേദനകളെ മറക്കാൻ
അല്ല, അവയുമായി എങ്ങനെ ജീവിക്കണം എന്ന് പഠി-
പ്പിച്ചതവരാണ്. ഇന്ന് എന്റെ നഷ്ടങ്ങൾ മറ്റനേകം
പേരുടെ നഷ്ടങ്ങളായി. ഒന്നും എന്റെ തീരുമാനം
ആയിരുന്നില്ല. എല്ലാം സർവ്വശക്തനായ ദൈവത്തിന്റെ,
പ്രപഞ്ചത്തെയും, മനുഷ്യനെയും, ഭൂമിയെയും സൃഷ്ടി-
ച്ച ആ ശക്തിയുടേതാണ്. അദ്ദേഹത്തിന്റെ ആത്മാക്കളു-
ന് എന്നെ താങ്ങിയത്. ഒരിക്കൽ ഞാൻ അദ്ദേഹ-
ത്തിന്റെ കരങ്ങളിലേയ്ക്ക് തന്നെ മടങ്ങിപ്പോകും. തന്റെ
അമ്മയുടെ ഹൃദയത്തിലെ മടിയിലേയ്ക്ക്, ആ ചൂടിലേയ്ക്ക്
വാക്കുകൾ അവസാനിക്കും മുൻപേ കടലാസിൽ രക്തം
പൊടിഞ്ഞു.

മഹാനായ എഴുത്തുകാരന്റെ ആത്മാ-
നം കാണാൻ പലരും എത്തി. ഞങ്ങളെ സ്നേഹിക്കാൻ
പഠിപ്പിച്ച, ചിന്തിക്കാൻ പഠിപ്പിച്ച, മനുഷ്യനെ അറി-
യാൻ സഹായിച്ച അയാളുടെ പാദങ്ങളെ വന്ദിക്കാൻ
ആയിരങ്ങൾ എത്തി. അവ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 307

പതിനായിരങ്ങളായി, ലക്ഷങ്ങളായി... ചിതയുടെ തീനാളം ആളിക്കത്തി... ~~അത് ആകാശത്തോളം~~ പുക ആകാശത്തോളം ഉയർന്നു. അയാളുടെ ജന്മാഭിലാഷം പൂർത്തിയായി. പുസ്തകങ്ങളിൽ അലിഞ്ഞു ചേർന്ന അയാൾ അവയിലൂടെയും കഥകൾ തുടർന്നു. ... മരിച്ചാലും 'ജീവിക്കുന്ന' ചിലരുടെ പ്രതീകമായി.

അങ്ങനെ ~~അനന്ത~~ അനന്തമായ പ്രപഞ്ചത്തിൽ അലിഞ്ഞ് ചേരുവാൻ അയാൾക്ക് ഭാഗ്യമുണ്ടായി. താൻ നേടിയ പണവും, പ്രശസ്തിയും ഉപേക്ഷിച്ച്, ~~ഭൂമി~~ ഭൂമിയുടെ ഹൃദയത്തിലേക്ക് നിത്യശാന്തി തേടി യാത്രയായി. കഥകൾ പറയുവാൻ പ്രപഞ്ചം മാത്രം അവശേഷിച്ചു. . . .